No.CEE/4050/2016/KEAM-2017/TA1

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

# 2017 ലെ സംസ്ഥാനത്തെ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, മെഡിക്കൽ/അനുബന്ധ കോഴ്സുകളിലെ പ്രവേശനം അപേക്ഷകൾ ക്ഷണിച്ചു

2017-18 അധ്യയന വർഷത്തിലെ സംസ്ഥാനത്തെ വിവിധ എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ 2017 ഏപ്രിൽ 24, 25 എന്നീ തീയതികളിൽ കേരളത്തിലെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും, മുംബൈ, ന്യൂ ഡെൽഹി, ദുബായ് എന്നിവിടങ്ങളിലും വച്ച് നടത്തുന്ന എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിലെ സ്കോറിനും, രണ്ടാം വർഷ പ്ലസ് ടു അഥവാ തത്തുല്യ പരീക്ഷയിൽ ഫിസിക്സ്, കെമിസ്ട്രി, മാത്തമറ്റിക്സ് എന്നീ വിഷയങ്ങൾക്ക് ലഭിച്ച മാർക്കിനും തുല്യ പരിഗണന നൽകികൊണ്ട് തയ്യാറാക്കുന്ന എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലായിരിക്കും.

ആർക്കിടെക്ചർ കോഴ്സിലെ പ്രവേശനം കൗൺസിൽ ഓഫ് ആർക്കിടെക്ച്ചർ നടത്തുന്ന നാഷണൽ ആപ്റ്റിറ്റ്യൂട് ടെസ്റ്റ് ഇൻ ആർക്കിടെക്ചർ (NATA) ൽ ലഭിച്ച സ്കോറിനും, യോഗ്യതാ പരീക്ഷയിൽ ലഭിച്ച മാർക്കിനും തുല്യ പരിഗണന നൽകി പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന ആർക്കിടെക്ചർ റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലായിരിക്കും.

സംസ്ഥാനത്തെ എം.ബി.ബി.എസ്, ബി.ഡി.എസ്, ആയുർവേദ, ഹോമിയോപ്പതി, സിദ്ധ, യുനാനി എന്നീ മെഡിക്കൽ കോഴ്സുകളിലെയും, അഗ്രികൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് എന്നീ അനുബന്ധ കോഴ്സുകളിലെയും പ്രവേശനം സി.ബി.എസ്.ഇ നടത്തുന്ന നാഷണൽ എലിജിബിലിറ്റി–കം–എൻട്രൻസ് ടെസ്റ്റ്(NEET-UG) 2017 ലെ റാങ്ക്/സ്കോറിന്റെ അടിസ്ഥാനത്തിലും സംസ്ഥാന സർക്കാർ അംഗീകരിച്ച് പുറപ്പെടുവിച്ചിട്ടുള്ള പ്രോസ്പെക്ടസിലെ വ്യവസ്ഥകൾക്കു വിധേയമായും സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റുകളെ അടിസ്ഥാനപ്പെടുത്തിയായിരിക്കും. ഇതിൽ എം.ബി.ബി.എസ്, ബി.ഡി.എസ് കോഴ്സുകളിലെ പ്രവേശനത്തിനും, ആയുർവേദ കോഴ്സിലെ പ്രവേശനത്തിനും, മറ്റ് മെഡിക്കൽ/അനുബന്ധ കോഴ്സുകളിലെ പ്രവേശനത്തിനുമായി 3 പ്രത്യേക റാങ്ക് ലിസ്റ്റുകൾ പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിക്കുന്നതാണ്.

2017-18 അധ്യയന വർഷത്തിലെ സംസ്ഥാനത്തെ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, മെഡിക്കൽ/അനുബന്ധ കോഴ്സുകളിലെ പ്രവേശനം സംബന്ധിച്ച വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന സർക്കാർ അംഗീകൃത പ്രോസ്പെക്ടസ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, എം.ബി.ബി.എസ്, ബി.ഡി.എസ്, ആയുർവേദ, ഹോമിയോപ്പതി, സിദ്ധ, യുനാനി, അഗ്രികൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് എന്നിവയിൽ ഏതെങ്കിലും കോഴ്സിൽ പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതും, അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും പ്രവേശന പരീക്ഷ കമ്മീഷണറുടെ ഓഫീസിൽ എത്തിക്കേണ്ടതുമാണ്. ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സൗകര്യം 2017 ഫെബ്രുവരി 1 മുതൽ ഫെബ്രുവരി 27 വരെ മേൽ വെബ്സൈറ്റിൽ ലഭ്യമാക്കുന്നതാണ്. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ എത്തിക്കേണ്ട അവസാന ദിവസം 2017 ഫെബ്രുവരി 28 ആണ്.

അപേക്ഷാ ഫീസ് കഴിഞ്ഞ വർഷം ജനറൽ വിഭാഗത്തിന് 1000 രൂപ, എസ്.സി വിഭാഗത്തിന് 500 രൂപ എന്നത് ഈ വർഷം യഥാക്രമം 800 (ജനറൽ), 400 (എസ്.സി) എന്നിങ്ങനെയായി കുറച്ചിട്ടുണ്ട്. എസ്.റ്റി വിഭാഗക്കാർക്ക് അപേക്ഷാ ഫീസ് ഇല്ല. അപേക്ഷാ ഫീസ് ഓൺലൈനായോ അല്ലെങ്കിൽ ഓൺലൈൻ അപേക്ഷാ സമർപ്പണ വേളയിൽ ലഭ്യമാകുന്ന ഇ–ചെലാൻ ഉപയോഗിച്ച് കേരളത്തിലെ

എല്ലാ ഹെഡ്/സബ് പോസ്റ്റോഫീസുകളിലും ഒടുക്കാവുന്നതാണ്. ഇ–ചെലാൻ മുഖേന സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ തിരഞ്ഞെടുക്കപ്പെട്ട ശാഖകളിലും അപേക്ഷാ ഫീസ് ഒടുക്കാവുന്നതാണ്.

പ്രോസ്പെക്ടസ് ക്ലോസ് 6.1 ൽ പ്രതിപാദിച്ചിട്ടുള്ള 'കേരളീയൻ' വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർക്ക് എല്ലാ കോഴ്സുകളിലേയ്ക്കും പ്രവേശനത്തിന് അർഹതയുണ്ടായിരിക്കും. കൂടാതെ സാമുദായിക സംവരണം, പ്രത്യേക സംവരണം, ശാരീരിക ക്ഷമത കുറഞ്ഞവർക്കുള്ള സംവരണം എന്നിവയ്ക്കും ഫീസാനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കും. കേരളീയേതരൻ I–ാം വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർക്ക് എല്ലാ കോഴ്സുകളിലും പ്രവേശനത്തിന് അർഹതയുണ്ടായിരിക്കും. കേരളീയേതരൻ II–ാം വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർക്ക് സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ മെറിറ്റ്/മാനേജ്മെന്റ് സീറ്റുകളിലും, സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിലെ മെറിറ്റ്/മാനേജ്മെന്റ് സീറ്റുകളിലും പ്രവേശനത്തിന് അർഹതയുണ്ടായിരിക്കും. എന്നാൽ കേരളീയൻ, കേരളീയേതരൻ I–ാം വിഭാഗം എന്നീ വിഭാഗക്കാരുടെ അഭാവത്തിൽ മാത്രമേ കേരളീയേതരൻ II–ാം വിഭാഗക്കാരെ സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ മെറിറ്റ് സീറ്റുകളിലേയ്ക്ക് പരിഗണിയ്ക്കുകയുള്ളൂ. കേരളീയേതരൻ I–ാം വിഭാഗം, കേരളീയേതരൻ II –ാം വിഭാഗം എന്നിവർക്ക് സാമുദായിക സംവരണം, പ്രത്യേക സംവരണം, ശാരീരിക ക്ഷമത കുറഞ്ഞവർക്കുള്ള സംവരണം എന്നിവയ്ക്കും, ഫീസാനുകൂല്യങ്ങൾക്കും അർഹതയില്ല.

എഞ്ചിനീയറിംഗ് കോഴ്സുകളിൽ പ്രവേശനം ആഗ്രഹിക്കുന്നവർ സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ എഴുതി KEAM 2017 പ്രോസ്പെക്ടസ് പ്രകാരമുള്ള നിശ്ചിത യോഗ്യത നേടിയിരിക്കണം. ആർക്കിടെക്ചർ കോഴ്സിൽ പ്രവേശനം ആഗ്രഹിക്കുന്നവർ കൗൺസിൽ ഓഫ് ആർക്കിടെക്ചർ നടത്തുന്ന NATA പരീക്ഷ എഴുതി നിശ്ചിത യോഗ്യത നേടിയിരിക്കണം. എം.ബി.ബി.എസ്/ബി.ഡി.എസ് ഉൾപ്പെടെയുള്ള മെഡിക്കൽ കോഴ്സുകളിലേയ്ക്കും, അനുബന്ധ കോഴ്സുകളിലേയ്ക്കും പ്രവേശനം ആഗ്രഹിക്കുന്നവർ സി.ബി.എസ്.ഇ നടത്തുന്ന NEET-UG 2017 എഴുതി എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലെ പ്രവേശനത്തിന് NEET-UG 2017 ഇൻഫർമേഷൻ ബുള്ളറ്റിൻ പ്രകാരമുള്ള യോഗ്യതയും മറ്റ് മെഡിക്കൽ/അനുബന്ധ കോഴ്സുകളിലെ പ്രവേശനത്തിന് KEAM 2017 പ്രോസ്പെക്ടസ് പ്രകാരമുള്ള യോഗ്യതയും നേടിയിരിക്കണം.

സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള സൗകര്യം സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലും സൗജന്യമായി ലഭിക്കുന്നതാണ്. വിദ്യാർത്ഥികൾ ഈ സൗകര്യം പ്രയോജനപ്പെടുത്തേണ്ടതാണ്.

വിശദമായ വിജ്ഞാപനങ്ങളും, പ്രോസ്പെക്ടസും, ഓൺലൈൻ അപേക്ഷാ സമർപ്പണത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും **www.cee-kerala.org** , **www.cee.kerala.gov.in** എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

തിരുവനന്തപുരം
31.01.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**